**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3655** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഞാറക്കലിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്ങ് സ്ഥാപനത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കലിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ്ങിൽ എന്തെല്ലാം കോഴ്സുകളാണ് പഠിപ്പിക്കുന്നതെന്നും എത്ര വിദ്യാർഥികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | എറണാകുളം കളൂർ ഗവണ്മെന്റ് കൊമേർഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട്-ന്റെ നിയന്ത്രണത്തിൽ വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കലിൽ പ്രവർത്തിക്കുന്ന ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിങ് എന്ന സ്ഥാപനത്തിൽ ഫാഷൻ ഡിസൈനിങ് ആൻഡ് ഗാർമെന്റ് ടെക്നോളജി എന്ന രണ്ടു വർഷ കാലാവധിയുള്ള കോഴ്സാണ് നടത്തുന്നത്.<br>ഒന്നിടവിട്ട വർഷങ്ങളിൽ 26, 48 എന്നിങ്ങനെയാണ് പ്രവേശനത്തിനുള്ള സീറ്റുകൾ അനുവദിച്ചിട്ടുള്ളത്. നിലവിൽ (2023-24) ആകെ 74 (ഒന്നാം വർഷം 48 + രണ്ടാം വർഷം 26) വിദ്യാർഥികൾ പഠിക്കുന്നുണ്ട്. |
| (ബി) | ഞാറക്കൽ പഞ്ചായത്തിൽ വൈപ്പിൻ പള്ളിപ്പുറം റോഡിന് സമീപം 70 സെന്റോളം സ്ഥലത്ത് വളരെ ശോചനീയമായ അവസ്ഥയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഈ സ്ഥാപനത്തിന്റെ നവീകരണത്തിനായി പതിനഞ്ച് ലക്ഷം രൂപയുടെ ഏക വർഷ പ്രോജക്ടിന് എറണാകുളം ജില്ലാ പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്. LSGD, എറണാകുളം ഡിവിഷൻ ടെൻഡർ ചെയ്ത പ്രോജക്ടിന്റെ നമ്പർ : S1326/24. |

സെക്ഷൻ ഓഫീസർ